പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1824 | 12.06.2019-ലെ മറുപടിക്ക്

# തിരുവനന്തപുരം-തൃശ്ശൂർ റൂട്ടിൽ ഓർഡിനറി ബസ് സർവ്വീസ്

ചോദ്യം

ശ്രീ.പി.ടി. തോമസ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം-തൃശ്ശൂർ ദേശസാൽകൃത റൂട്ടിൽ ഫാസ്റ്റ് പാസഞ്ചറിന്റെയും സൂപ്പർഫാസ്റ്റിന്റെയും ദീർഘദൂര ചെയിൻ സർവ്വീസ് തുടങ്ങിയപ്പോൾ പ്രസ്തുത റൂട്ടിലുള്ള ഹ്രസ്വദൂര യാത്രക്കാർക്ക് അനുഭവപ്പെടുന്ന യാത്രാബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.05.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.യുടെ 257 സൂപ്പർഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ഹ്രസ്വദൂര യാത്രക്കാർ കൂടുതലായി ആശ്രയിക്കുന്ന നിലവിലുള്ള ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നീ സർവ്വീസുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ടി ക്രമീകരണത്തിലൂടെ ഹ്രസ്വദൂര യാത്രക്കാർക്ക് യാത്രാബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇതുപരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ബദൽ സംവിധാനം എന്തെന്ന് വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത റൂട്ടിൽ ഹ്രസ്വദൂര യാത്രക്കാർക്കായി പതിനഞ്ച് മിനിട്ടെങ്കിലും ഇടവിട്ട് ഓർഡിനറി ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ